LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്ത് ഫ്ളൈ-ഓവർ നിർമ്മിക്കാൻ നടപടി

64 [5043] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടി നിർമ്മിക്കാനുദ്ദേശിക്കുന്ന ഫ്ളൈ-ഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) കൊല്ലത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഫ്ളൈ-ഓവറിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമാണോ;

(സി) ഫ്ളൈ-ഓവർ നിർമ്മാണത്തിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ;

(ഡി) കൊല്ലത്ത് ഫ്ളൈ-ഓവർ നിർമ്മിക്കുന്നതിന് എത്ര കോടി രൂപയുടെ മതിപ്പ് ചെലവ് വരും;

(ഇ) എത്ര വർഷത്തിനുള്ളിൽ ഫ്ളൈ-ഓവറിന്റെ നിർമ്മാണം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ —ഇ) കൊല്ലം നഗരത്തിലെ ഫ്ളൈ-ഓവറിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലല്ല.

കുണ്ടമൺ പാലത്തിന്റെ നിർമ്മാണം

65 [5044] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കുണ്ടമൺ പാലത്തിന്റെ പണി എന്നാണ് ആരംഭിച്ചത്;

(ബി) ഈ പാലം പണി എന്നത്തേക്ക് പൂർത്തിയാക്കാനായിരുന്നു കരാർ;

(സി) കരാർ എടുത്ത് കെ. എസ്. സി. സി. വർക്കിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ അവരെ ടെർമിനേറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പാലംപണി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1998-ൽ.

(ബി) 19-1-2000-ൽ.

(സി, ഡി) നിലവിലുള്ള കരാർ ടെർമിനേറ്റ് ചെയ്ത്, പകരം പുതിയ കരാറുകാരനെ വച്ച് പാലംപണി എത്രയും വേഗം പൂർത്തിയാക്കുന്നതിന് ശ്രമിച്ചുവരുന്നു.